(സി) വൈസ് ചാൻസലർ, പ്രൊ. വൈസ് ചാൻസലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നീ സ്ഥാനങ്ങളിലേക്ക് അനുയോജ്യരായ വ്യക്തികളെ നിയമിച്ചു.

2. നിയമപ്രകാരമുള്ള ഗവേണിംഗ് കൗൺസിൽ രൂപീകരിച്ചു.

3. താൽക്കാലിക പ്രവർത്തനത്തിന് തൃശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു ബഹുനില മന്ദിരം അനുവദിച്ച് കൊടുത്തു.

4. തൃശൂർ മെഡിക്കൽ കോളേജ് വളപ്പിൽ 67 ഏക്കർ സ്ഥലം കൈമാറ്റം ചെയ്തു.

5. അത്യാവശ്യ പ്രവർത്തനങ്ങൾക്കായി ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്.

6. 2010-11 വർഷത്തിലെ വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ പൂർത്തിയായിവരുന്നു.

7. 2010-11 വർഷത്തിലെ പരീക്ഷകൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

8. സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ആരോഗ്യ സർവ്വകലാശാലാ കോഴ്സുകളുടെ അംഗീകാരം

51 (500) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ രൂപീകരിച്ച ആരോഗ്യ സർവ്വകലാശാല ഏതെല്ലാം ഡിഗ്രികളാണ് നൽകുന്നത് ;

(ബി) ഈ സർവ്വകലാശാല നടത്തുന്ന ഏതെല്ലാം ഡിഗ്രി കോഴ്സുകൾക്കും, നൽകുന്ന ഏതെല്ലാം ഡിഗ്രികൾക്കും മെഡിക്കൽ കൗൺസിലിന്റെയും ഡെന്റൽ കൗൺസിലിന്റെയും അംഗീകാരം ലഭിച്ചു ;

(സി) ലഭിച്ചില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) ഈ സർവ്വകലാശാല നടത്തുന്ന ഏതെല്ലാം കോഴ്സുകൾ അംഗീകരിക്കുന്നതിനായി കേന്ദ്രസർക്കാരിനും, മെഡിക്കൽ കൗൺസിലിനും ഡെന്റൽ കൗൺസിലിനും നാളിതുവരെ അപേക്ഷ സമർപ്പിച്ചു ;

(ഇ) അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഇതിൽ ഏതെല്ലാം കോഴ്സുകൾക്കും ഡിഗ്രികൾക്കും അംഗീകാരം ലഭിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഇനി ഏതെല്ലാം കോഴ്സുകൾക്കും ഡിഗ്രികൾക്കും അംഗീകാരം ലഭിക്കുവാനുണ്ട് ;

(എച്ച്) ഇവ ലഭിക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഐ) ഇത് പരിഹരിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ സർവ്വകലാശാല 2010-ലാണ് നിലവിൽവന്നത്. ആയതിനാൽ ഈ സർവ്വകലാശാല ഇതുവരെയും ഡിഗ്രികൾ നൽകിത്തുടങ്ങിയിട്ടില്ല.

(ബി-ഐ) ആരോഗ്യ സർവ്വകലാശാലയിലെ ഡിഗ്രി കോഴ്സുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിനും ബന്ധപ്പെട്ട കേന്ദ്ര കൗൺസിലുകൾക്കും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

52 (501) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് അടിസ്ഥാനപരമായി എന്തൊക്കെ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഫാക്കൽറ്റികളുടെ കുറവ് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇതിനായി ഇത്തരം ഫാക്കൽറ്റികളുടെ പെൻഷൻ പ്രായം വീണ്ടും വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിരുന്നുവോ ;

(ഇ) സംസ്ഥാനത്തെ ഡോക്ടർ-രോഗി അനുപാതത്തിൽ ഡോക്ടർമാരുടെ എണ്ണം കൂട്ടുന്നതിനായി എന്തൊക്കെ നിർദ്ദേശങ്ങൾ നടപ്പിലാക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly